(സി) കേരള സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) സംസ്ഥാനത്ത് മഹാത്മഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) കേരള സർവകലാശാല നടത്തിയിരുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.* എന്നാൽ 2013-14 വർഷത്തിൽ 6 കോഴ്സുകൾക്ക് അംഗീകാരം നൽകിയില്ല. ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു* കേരള സർവ്വകലാശാലയിൽ 2014-15 വർഷം വരെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തിവന്നിരുന്നു. 2015-16 ൽ യു.ജി.സി. അംഗീകാരം പിൻവലിച്ചതിനാൽ പ്രസ്തുത വർഷത്തെ കോഴ്സുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല.

(സി) സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ 2015-16 അദ്ധ്യയന വർഷത്തെ അംഗീകാരം പിൻവലിച്ചതുകൊണ്ടാണ് കോഴ്സുകൾ നടത്താൻ സാധിക്കാത്തത്. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ അംഗീകാരം തിരികെ കിട്ടുന്നതിനുള്ള അപേക്ഷ യു.ജി.സി.യിൽ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം യു.ജി.സി.യുടെ എല്ലാ നിബന്ധനകളും പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുള്ള സത്യവാങ്മൂലവും നൽകിയിട്ടുണ്ട്. എസ്.ഡി.ഇ.യുടെ അംഗീകാരം പുനഃസ്ഥാപിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടത്തുന്നതിനായി യൂണിവേഴ്സിറ്റി, യു.ജി.സി. അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഉത്തരവാദ പൊതുവിതരണ സമ്പ്രദായം

7(*248) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖയിൽ വിഭാവന ചെയ്തിട്ടുള്ളതുപോലെ സുതാര്യവും കാര്യക്ഷമവും അഴിമതി കുറഞ്ഞതും പൊതുജനങ്ങളോട് ഉത്തരവാദപ്പെട്ടതുമായ ഒരു പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് ഇതിനോടകം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലക്ഷ്യം മുൻനിർത്തിയുള്ള പൈലറ്റ് ഘട്ടത്തിന്റെ നടത്തിപ്പ് വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>):

(എ) സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും പൊതുജനോപകാരപ്രദവും ആയ പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് സമഗ്രമായ പ്രവർത്തനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിൽ നടന്നുവരികയാണ്. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് മുൻഗണനാ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രീ-പോപ്പുലേറ്റഡ് ഫോറം നൽകി പൊതുജനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലും നടന്നുവരികയാണ്. ഇതിനോടകം തന്നെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ്, എറണാകുളം എന്നിവിടങ്ങളിലെ കരട് മുൻഗണനാ പട്ടിക 10-2-2016-ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ അലോക്കേഷൻ മൊഡ്യൂൾ എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ ഡാറ്റാ എൻട്രി നടന്നുവരുന്നു. സർക്കാർ ചെലവിൽ റേഷൻ സാധനങ്ങൾ നേരിട്ട് റേഷൻ കടകളിലെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ഫുഡ് കമ്മീഷനും 10 ജില്ലാ പരാതി പരിഹാര ഓഫീസുകളും രൂപീകരിക്കുന്നതിന് 21-8-2015-ലെ സ. ഉ. (കൈ) നമ്പർ 23/15/ഭ.പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഓൺലൈൻ ഗ്രീവൻസ് റിഡ്രസൽ മൊഡ്യൂൾ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. ഗുണഭോക്താക്കളുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും മുൻഗണനാ വിഭാഗങ്ങളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുമുള്ള ആപ്ലിക്കേഷൻ (റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം-RCMS) NIC തയ്യാറാക്കിയിട്ടുണ്ട്. റേഷൻ കട തലത്തിലുള്ള റേഷൻ സാധനങ്ങളുടെ അലോക്കേഷൻ ഓൺലൈനായി പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സോഫ്റ്റ് വെയറും NIC വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡോർ ടു ഡോർ ഡെലിവറി ഉൾപ്പെടുവരുന്ന സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷനും വികസിപ്പിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഓൺലൈനായി

LIBRARY ARCHIVES Kerala Legislative Assembly

പരാതി രേഖപ്പെടുത്തുന്നതിനും പരാതി പരിഹാര നടപടികൾ നിരീക്ഷിക്കുന്നതിനും ആപ്ലിക്കേഷൻ (ഗ്രീവൻസ് റിഡ്രസ്സൽ മൊഡ്യൂൾ) സിവിൽ സപ്ലൈസ് വകുപ്പ് വികസിപ്പിച്ചത് പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിപ്പിച്ചുവരുന്നു. പദ്ധതിയുടെ സിസ്റ്റം ഇൻഗ്രേറ്ററായി കെൽട്രോണിനെ നിയമിച്ചിട്ടുണ്ട്.

ഓരോ ഗുണഭോക്താവിനേയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ അളവിൽ റേഷൻ വിതരണം നടത്തുന്നതിനും റേഷൻ കടകളിൽ എത്തുന്ന സ്റ്റോക്ക് സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിനും വാങ്ങിയ റേഷൻ സാധനങ്ങളുടെ ബിൽ തയ്യാറാക്കുന്നതിനും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നു.

(ബി) പൈലറ്റ് പദ്ധതിയുടെ നടത്തിപ്പ് വിജയകരമായി നടന്നുവരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ OTP ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5 വെണ്ടർമാരാണ് ഇതിൽ പങ്കെടുത്തിട്ടുള്ളത്. ബയോമെട്രിക് സംവിധാനം വഴിയോ OTP വഴിയോ ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുക, ബിൽ തയ്യാറാക്കുക, ഗുണഭോക്തൃ വിഹിതം പ്രദർശിപ്പിക്കുക, സ്റ്റോക്ക് അപ്ഡേറ്റ് ചെയ്യുക, പോർട്ടൽ മുഖേന തത്സമയ സ്റ്റോക്ക് കാണിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

1-4-2016-മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണ തോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

വിജിലൻസ് കമ്മിറ്റി സംവിധാനം

8 (*249) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വിജിലൻസ് കമ്മിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly